നാനാവിധപ്രദേശത്തേക്കുള്ള യാത്രയ്ക്കിടയിൽ ഞാൻ ആദ്യം തപ്പുന്നത് തന്നെ അടുത്ത് എവിടെയെങ്കിലും നല്ലൊരു ചായക്കട ഉണ്ടോ എന്നാണ്.

എന്നാൽ ഈ ഗോവൻ യാത്രയിൽ ഒരിക്കലും ഞാൻ അത് തിരയാൻ പോയില്ല..
അങ്ങനെയൊന്ന് ഇവിടെ ഉണ്ടാകില്ല എന്നുള്ള ഒരു തോന്നലായിരുന്നു കാരണം.

പക്ഷെ എന്തുകൊണ്ടോ വെറുതെ ഒന്ന് ഓൺലൈനിൽ തപ്പാൻ പോയ എന്നെ ഞെട്ടിപ്പിച്ചുകൊണ്ട് നല്ല റിവ്യൂയുമായി ഒരു ചായക്കട മുമ്പിൽ അവതരിച്ചു. എന്നാൽ പിന്നെ അതൊന്നു കുടിച്ചിട്ടേ കാര്യമുള്ളൂ എന്ന് മനസ്സിലുറപ്പിച്ച് മഡ്ഗാവ് റെയിൽവേ സ്റ്റേഷനിൽ നിന്നും സുമാർ ഒരു കിലോമീറ്റർ അകലെയുള്ള 'ഹർമൻ ചായ് വാല' എന്ന ചായക്കടയിലേക്ക് ഞാൻ നടത്തം ആരംഭിച്ചു..
ഗോവൻ നിരത്തുകളിലൂടെ നട്ടുച്ച വെയിലത്ത് നടത്തം അത്ര നല്ല കാര്യം ഒന്നുമായിരുന്നില്ല..എന്നാലും ആ ചായ കുടിക്കാനുള്ള ഒരു വ്യഗ്രത കാരണം അതൊന്നും ഞാൻ വകവെച്ചില്ല.

അങ്ങനെ ചായക്കടയും കണ്ടുപിടിച്ച് ഉള്ളിലേക്ക് കയറി..

അപ്പോളാണ് ചെന്നുപെട്ടത് ഒരു 'ചായ കൊട്ടാരത്തിലാണെന്ന്' മനസ്സിലായത്..
ചായ ഒഴിക്കുന്ന കെറ്റിലുകൾ തൂക്കിയിട്ടിരിക്കുന്ന കാഴ്ച തന്നെ ഒരു അനുഭൂതിയായിരുന്നു -അതൊരു ചായ പ്രേമിക്ക് പറഞ്ഞാൽ മനസ്സിലാകും.
ബിരിയാണിചെമ്പിലെന്ന പോലെയാണ് അവിടെ ചായ തയ്യാറാക്കി കൊണ്ടിരിക്കുന്നത്...

വായിച്ചു വന്നപ്പോൾ സന്തോഷ് ജോർജ് കുളങ്ങരയുടെ സഞ്ചാരം ആണെന്ന് തോന്നിയെങ്കിൽ തെറ്റി. ഇത് ഒരു ബാങ്ക് ജീവനക്കാരന്റെ യാത്രക്കുറിപ്പാണ്. ഒരു വേള നമ്മുടെ മേഖലയിൽ നിന്നും കുറഞ്ഞ പ്രായത്തിൽ ഏറ്റവും അധികം ഇന്ത്യക്കകത്തും പുറത്തും യാത്ര ചെയ്ത ആൾ. യാത്രകളെ നെഞ്ചോട് ചേർക്കുന്ന നമ്മുടെ ഈ ആഴ്ചയിലെ അതിഥി.

രോഹിത് സി പി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ ബി ഓ, മലപ്പുറം.

റിട്ടയേർഡ് എക്സൈസ് ഇൻസ്പെക്ടർ ചെർപ്പ്ലശ്ശേരിക്കാരൻ സി പി ഉണ്ണികൃഷ്ണന്റെയും പെരിന്തൽമണ്ണ എൽ ഐ സി യിൽ അസിസ്റ്റന്റ് ആയി ജോലി നോക്കുന്ന പി ഗീതയുടെയും രണ്ടാണ്മക്കളിൽ മൂത്ത ആളായ രോഹിത് ചെർപ്പ്ലശ്ശേരി ഇംഗ്ലീഷ് മീഡിയം സെൻട്രൽ സ്കൂളിൽ

ആയിരുന്നു പത്താംതരം വരെ പഠിച്ചത്.
ജീവിതത്തിന്റെ ആകുലതകളെ അധികം തൊട്ടറിയാത്തത് കൊണ്ടാകാം രോഹിത്തിന്റെ സ്കൂൾ പഠനം അത്ര മെച്ചപ്പെട്ടതായിരുന്നില്ല. അത് കൊണ്ടാകാം സ്കൂളിൽ നിന്നും ടി സി കൊടുക്കുമ്പോൾ പ്രധാനാദ്ധ്യാപകൻ അച്ഛനോട് പറഞ്ഞ വാക്കുകൾ രോഹിത് ഇന്നും മനസ്സിൽ ഒരു നോവ് പോലെ സൂക്ഷിക്കുന്നത് "ഞെക്കി പഴുപ്പിച്ചാലൊന്നും മാമ്പഴം പഴുക്കില്ല"എന്ന്.

ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് ടു പഠനവും ഏറെയൊന്നും വർണാഭമായിരുന്നില്ല എന്ന് രോഹിത് ഓർക്കുന്നു. അക്കാലത്തെ ഒരു സാധാരണ വിദ്യാർത്ഥിയെപ്പോലെ പ്ലസ് ടുവിന് ശേഷം എഞ്ചിനീയറിംഗ് മോഹവുമായി രോഹിത് എത്തിയത് തിരുവില്വാമല നെഹ്റു കോളേജിൽ. നാല് കൊല്ലം കഴിഞ്ഞ് കുറെയധികം ബാക്ക് പേപ്പറുകളുമായി പകച്ചുനിൽക്കുമ്പോൾ ഒരു മാറ്റത്തിന് മാറിനിൽക്കാൻ തോന്നിയത് ഹൈദരാബാദിലേക്കാണ്. ഗേറ്റിനുള്ള തയാറെടുപ്പ്. പക്ഷേ അന്ന് യാത്രയാക്കുമ്പോൾ അമ്മ പറഞ്ഞ വാക്കുകൾ മനസ്സിൽ തൊട്ടപ്പോൾ അത് ജീവിതത്തിലേക്കുള്ള തയാറെടുപ്പായി മാറുകയായിരുന്നു.
ജീവിതത്തിന്റെ പരുക്കൻ യഥാർഥ്യങ്ങളെ തൊട്ടറിഞ്ഞ കാലം. ചുരുങ്ങിയ സമയം കൊണ്ട് പേപ്പറുകളെല്ലാം എഴുതിയെടുത്തു എന്ന് മാത്രമല്ല ഒരു സുഹൃത്തിന് സഹായിയായി ഇന്റർവ്യൂവിൽ പങ്കെടുക്കാൻ പോയ രോഹിത് ഏഷ്യൻ മോട്ടേഴ്സിൽ സർവീസ് എഞ്ചിനീയർ ആയി.

ഔദ്യോഗിക ജീവിതത്തിന്റെ ആരംഭം അങ്ങനെ ആലുവയിൽ. കേരളത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത്. ആലുവയുടെ മറ്റൊരു പ്രത്യേകത അവിടെ ബസ്സ്റ്റാൻഡും റെയിൽവേ സ്റ്റേഷനും തൊട്ടടുത്തടുത്താണെന്നതാണ്. ഇത് രോഹിത്തിൽ ഒരു പുതിയ താല്പര്യം വളർത്തിയെടുത്തു. യാത്രകളോടുള്ള താല്പര്യം.
കേരളത്തിന്റെ ഏത് ഭാഗത്തേക്കും ബസിലും ട്രെയിനിലും ഒരു രാത്രി യാത്രയിൽ എത്താവുന്ന ദൂരത്താണ് ആലുവ. കേരളത്തിലെ പ്രത്യേകതകൾ ഉള്ള മിക്ക സ്ഥലങ്ങളിലേക്കും ആ കാലയളവിൽ രോഹിത് കടന്നു ചെന്നു.

കൂടുതൽ മെച്ചപ്പെട്ട ജോലി എന്ന മോഹം പിന്നെ കൊണ്ടെത്തിച്ചത് ടി വി എസ് മോട്ടേഴ്സിന്റെ കണ്ണൂർ ശാഖയിൽ ആണ്. അവിടെയും സർവീസ് എഞ്ചിനീയർ. കുറച്ച് കാലം കഴിഞ്ഞ് അതിനോട് മടുപ്പ് തോന്നിയപ്പോഴാണ് പഠനകാലത്തെ നഷ്ടങ്ങളിൽ നിന്ന് ഒരു കുതിച്ചുകയറ്റം വേണം എന്ന ചിന്ത തീവ്രമായി മനസ്സിൽ കടന്നുകൂടിയത്. പിന്നെ നിതാന്തമായ പരിശ്രമം.
അങ്ങനെ 2016ൽ മറ്റു നിരവധി ജോലികൾക്ക് തെരഞ്ഞെടുക്കപ്പെട്ടതൊപ്പം ആരും മോഹിച്ച ബാങ്ക് ജോലിയും കരഗതമായി. സിൻഡിക്കേറ്റ് ബാങ്കിന്റെ പെർള ശാഖയിൽ. സംസ്ഥാന അതിർത്തിയിൽ നോട്ട്

നിരോധനകാലത്ത് ഏറെ ബുദ്ധിമുട്ടിയ നാളുകൾ.

വീട്ടിനടുത്ത് ലഭിക്കാവുന്ന മെച്ചപ്പെട്ട ജോലിക്കുള്ള അന്വേഷണം ഒടുവിൽ എത്തിച്ചത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മലപ്പുറം ആർ ബി ഓ വിൽ.

ജീവിതത്തിന്റെ അടിസ്ഥാനം ഒന്നുറച്ചപ്പോൾ ജീവിതത്തിൽ എന്നും മയങ്ങിക്കിടന്ന യാത്രാമോഹങ്ങൾ വീണ്ടും തളിർത്തു. ഇന്ത്യ മുഴുവൻ കണ്ട് തീർക്കണം എന്ന മോഹത്തിന് ചെറിയ വിലങ്ങണിയിച്ചത് കോവിഡ് എന്ന മഹാമാരി, എന്നാൽ അതേ കാലഘട്ടം ആണ് ജീവിതത്തിന് ഒരു സഹയാത്രികയെ നൽകിയത്.

ശ്രേണി.. അച്ഛന്റെ സുഹൃത്തിന്റെ മകളാണെങ്കിലും വിവാഹലോചനകൾക്ക് നടുവിൽ ആണ് രോഹിത് ശ്രേണിയെ കാണുന്നതും ഇഷ്ടപ്പെടുന്നതും സഹയാത്രികയാക്കുന്നതും.

സ്റ്റേറ്റ് ബാങ്കിൽ ജോലിക്ക് ചേർന്ന ശേഷമാണ് യാത്രകൾ പുതിയ തലങ്ങളിലേക്ക് കടന്നത്. ഇന്ത്യയിലെ 24 സംസ്ഥാനങ്ങളിലും,10 രാജ്യങ്ങളിലും രോഹിത് സന്ദർശനം നടത്തി. പലപ്പോഴും ഒറ്റക്ക്. കഴിവതും അവധിദിവസങ്ങൾ മാത്രം ഉപയോഗപ്പെടുത്തിയായിരുന്നു യാത്ര. വളരെ ചുരുക്കം വേളകളിൽ ഒന്നോ രണ്ടോ ദിവസം മാത്രം അവധിയും ഉപയോഗപ്പെടുത്തി.

പോയ സ്ഥലങ്ങളിലെ കൗതുകകാഴ്ചകൾ മുഖപുസ്തകത്തിൽ കുറിപ്പുകൾ ആയപ്പോൾ വായിക്കാനും അഭിപ്രായം പറയാനും ആളുകൾ നിരവധിയായി. അങ്ങനെയാണ് രോഹിത് സ്വന്തം യൂട്യൂബ് ചാനൽ ആരംഭിക്കുന്നത്. അതിന്റെ ലിങ്ക് താഴെ ചേർക്കുന്നു.

മടുപ്പിക്കാത്ത കാഴ്ചകൾ നൽകുന്ന ഹരം ചെറുതല്ല രോഹിത്തിന്. പോകുന്നിടങ്ങളിലെ ആളുകൾ, വേഷങ്ങൾ, ഭക്ഷണം ഒക്കെ രോഹിത്തിൽ കൗതുകം നിറക്കുന്നു. ലോകത്തിലെ തന്നെ ആദ്യത്തെ ഒഴുകുന്ന ദേശീയോദ്യാനമായ മണിപ്പൂരിലെ കൈബുൾ ലാംജാവോ നൽകിയ വിസ്മയകാഴ്ച്ച ഇന്നും കണ്മുന്നിൽ നിൽക്കുന്ന പോലെയുള്ള അനുഭവം നൽകിയെന്ന് രോഹിത്.

പോയ സ്ഥലങ്ങളിൽ ഏറ്റവും ഇഷ്ടപ്പെട്ട സംസ്ഥാനം ഏതെന്ന ചോദ്യത്തിന് ഹിമാചൽപ്രദേശ് എന്ന ഉത്തരത്തിന് രോഹിത്തിന് അധികം ചിന്തിക്കേണ്ടി വന്നില്ല. അവിടത്തെ ആതിഥ്യമര്യാദയും,കരുതലും സ്നേഹവും ഹിമവാന്റെ കാൽച്ചുവട്ടിലെ തഴുകലും മറക്കാൻ ആവില്ലെന്ന് രോഹിത്.

ഏറെ വിദേശരാജ്യങ്ങൾ കൂടി സന്ദർശിച്ചിട്ടുള്ള രോഹിത് തന്റെ

യാത്രക്കിടയിലും അല്ലാതെയും സ്വരുക്കൂട്ടിയ നല്ല ഒരു കറൻസി ശേഖരത്തിന്റെ ഉടമ കൂടിയാണ്.

യാത്രകളിലെ പ്രേരണയെക്കുറിച്ചുള്ള കൗതുകം പങ്ക് വച്ചപ്പോൾ കുട്ടിക്കാലം മുതൽ തന്നെയും കൂട്ടി പുതിയ പുതിയ യാത്രാനുഭവങ്ങൾ നൽകിയ മാതാപിതാക്കളോടുള്ള സ്നേഹം ആണ് രോഹിത്തിന്റെ വാക്കുകളിൽ നിറഞ്ഞത്. അതിനേക്കാൾ, അറിഞ്ഞോ അറിയാതെയോ തന്നെ ഒരു കുഞ്ഞുലോകം ഗ്ലോബിലൂടെ സമ്മാനിച്ച മുത്തച്ഛനോടുള്ള സ്നേഹാദരവും വാക്കിൽ തിളങ്ങി.
റെയിൽവേ പ്രൊട്ടക്ഷൻ സെക്യൂരിറ്റി ഫോഴ്സിൽ സബ് ഇൻസ്പെക്ടറും വോളിബാൾ താരവും
ആയ സഹോദരൻ രാഹുൽ നൽകുന്ന കലവറയില്ലാത്ത പ്രോത്സാഹനവും രോഹിത്തിന് മറക്കാൻ കഴിയുന്നതല്ല.

ഇത്രയധികം വൈവിദ്ധ്യം നിറഞ്ഞ യാത്രകളുടെ ഉടമക്ക് പങ്ക് വെക്കാൻ ചില നിർദേശങ്ങൾ കൂടി ഉണ്ട്. ഒരു യാത്രക്ക് തയാറെടുക്കുമ്പോൾ ഏജൻസികളെ ആശ്രയിക്കുന്നതിനേക്കാൾ യാത്രാമാർഗങ്ങളും താമസവും ഒക്കെ സ്വയം കണ്ടെത്തുക. അത് ചിലവ് കുറയ്ക്കും എന്ന് മാത്രമല്ല പോകുന്നിടത്തെ ഒരാളായി മാറാൻ നമ്മെ സഹായിക്കുകയും ചെയ്യും. അങ്ങനെ അവിടത്തെ ഒരാളാകുമ്പോൾ അവരുടെ ആചാരങ്ങളും ഭക്ഷണരീതിയും ഒക്കെ നമ്മുടേത് കൂടി ആകും. അത്തരത്തിൽ യാത്രക്ക് തയാറെടുക്കുന്നവർക്ക് വേണ്ട സഹായങ്ങൾ നല്കാൻ രോഹിത് സദാ സന്നദ്ധനുമാണ്.

ആരുമധികം പോകാത്ത ഇടങ്ങളിൽ നമ്മെക്കാത്ത് ആരും കാണാത്ത കാഴ്ചകൾ കാത്തിരിക്കുന്നുണ്ടാകും എന്നാണ് രോഹിത്തിന്റെ വിശ്വാസം. ആ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി യാത്ര തുടരുകയാണ് രോഹിത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും കണ്ട് തീരാൻ സ്വയം നൽകിയ പരിധിയോടടുക്കുമ്പോൾ കൗതുകം പിന്നെയും ബാക്കിയാവുന്നു. രോഹിത്തിന്റെ സ്വപ്നങ്ങളിൽ ഇന്ത്യ നിറയട്ടെ. കാഴ്ചകൾ അവിരാമം തുടരട്ടെ. ആശംസകൾ.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---------------------------------------------------------------------------------------------

.
”Enroute my journey to varied places, what I seek for intrinsically and particularly is whether

there is any tea shop out there.But on this trip to Goa I never went looking for it out of a hunch that there would not be any.To my surprise, surfaced a shop with good reviews on my surfing online with a preconceived notion that my attempts would prove to be in vain. Having made up my mind to make a sip of tea, I set out to the 'Harman Chai Wala' tea shop, about a kilometer away from the Madgaon railway station.

Walking through the streets of Goa with an over head sun was not as possibly easy as it would seem to be but I could not help the inclination .Notwithstanding all the odds, I triumphantly traced the shop and made my way in.

That's when I realized that I had made my way to a 'tea palace'.The sight of hanging tea kettles was a transcendental experience perse,that only a tea lover would understand."

When I went through these wordings,they inadvertently made me feel that I was reading a travelogue by Shri.Santhosh George Kulangara.However, on the contrary, it was the travelogue penned by a bank employee who probably is the youngest person to explore myriad of places within India and abroad.Let us set aside this week's column for some one who is not commonplace, but one who spell-binds readers through mesmerizing accounts of his journeys.

Rohith CP,
State Bank of India,
RBO, Malappuram.

Rohith is the eldest of the two children of retired Excise Inspector CP Unnikrishnan, native of Cherpulassery and Mrs P Geetha, who is working as assistant at LIC,Perinthalmanna.He had his schooling at English Medium Central School at Cherpulassery till 10th standard and completed his Plus Two from Srikrishnapuram Higher Secondary School.

Rohith recounts that there was nothing remarkable about his life as a student at his school and college.He still,has deeply inscribed in his mind, the words that the headmaster of his school told his father when he was giving TC from school, "Mangoes never ripen even if you squeeze them.".

Rohith joined Nehru College,Thiruvilvamala to pursue engineering. After four years of struggling with of backpapers, he set out to Hyderabad. making up his mind to prepare for the GATE exam.

Rohith cleared all back papers in a short span of time. Whereupon he secured a job at Asian Motors in Aluva where he kickstarted his official career.Its well known that an overnight drive by bus or train from Aluva will take one to any part of Kerala. Rohith visited most of the places of renown in Kerala during his stint at Aluva which furthered his interest in journeying.

Desire for a better job landed him in the Kannur branch of TVS Motors where he worked as a Service engineer as before. After a while, as if in confirmation of his wanting of a leap, he put in persistent efforts to shift from his then job,and fortuitously, in 2016 he grabbed the coveted and most sought for job in banking sector.His first posting was at the Perla branch of Syndicate Bank. Those were the days of demonetization which posed tough times for the banking sector. After a

while,he joined State Bank of India's RBO at Malappuram.

When the foundation of his life almost got laid, his dormant dreams which were not to be seen, to his delight, resuscitated.The epidemic of covid put a halt on his desire to explore India in it's entirety, however it was during the same period he was blessed with the most special companion of his life,Shreni,who is the daughter of his father's friend.

It's after joining State Bank of India that his travels took to greater heights. Rohith has visited 24 states and 10 countries in India,mostly alone.

The link for Rohith's YouTube channel is added below.

Rohith is fascinated by people, costumes and food wherever he goes. Rohith still fancies in all it's elegance, Kaibul Lamjao in Manipur, the first floating national park in the world.Asked about the state he liked the most, Rohith retorted with absolutely no room for contemplation that it's Himachal Pradesh. Rohith says he will never forget the hospitality, care and love bestowed by the natives of Himachal Pradesh.

Rohith, who has visited many foreign countries, possesses a good collection of currencies that he has assimilated during and after his travels.

Rohith gratefully acknowledges his love for his parents who gave him new travel experiences since his childhood and for his grandfather who, gifted him a globe to behold the world. His brother,Rahul,a Sub-inspector in Railway Protection Security Force and a volleyball player metes out unconditional encouragement to him.

Rohith opines that one should make travel arrangements on his own and choose accommodation oneself while preparing for a trip Instead of relying on agencies. Not only will it reduce the expenditure but it will also help us to get acclimatized to the culture and food habits of the destination..

Rohith believes that unseen sights await us in places where no one usually visits. Rohith keeps on his journey in quest of new enchantments. His Curiosity never ends even when he is nearing the self-imposed limit to explore all the states in India. May bliss keep on leaping in his journeys and may all his passions come true in the days to come.

https://youtube.com/channel/UClw2c_5hfOzkx2FfcopCpGQ